**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 392** | **14-03-2023 - ൽ മറുപടിയ്ക്ക്**

**ഉത്തരവാദിത്ത ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഉത്തരവാദിത്ത ടൂറിസം നയത്തിൽ കാലാനുസൃതമായ എന്തെല്ലാം പരിഷ്കാരങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഉത്തരവാദിത്ത ടൂറിസത്തെ ജനകീയമുന്നേറ്റമായി മാറ്റുക എന്ന ലക്ഷ്യത്തോടെ സമഗ്രമായ പദ്ധതികളാണ് വിനോദ സഞ്ചാര വകുപ്പ് തയ്യാറാക്കുന്നത് . ഇതിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷനെ സൊസൈറ്റി ആക്കി മാറ്റുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട് . സംസ്ഥാനത്തെ ജനങ്ങളെ സ്പർശിക്കാൻ കഴിയുന്ന തരത്തിലുള്ള ടൂറിസം പ്രവർത്തനങ്ങളെ വ്യാപിപ്പിക്കാനാണ് ഉത്തരവാദിത്ത ടൂറിസം മുഖേന ലക്ഷ്യമിടുന്നത് .<br><br>ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച 'സ്ട്രീറ്റ്' (Sustainable, Tangible, Responsible, Experiential, Ethnic, Tourism Hubs) പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട് . ഡിസൈൻ പോളിസിയ്ക്ക് രൂപം നൽകുന്നതോടെ അതിലെ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത് . സംസ്ഥാനത്തിന്റെ വിനോദസഞ്ചാര സാധ്യതകൾക്ക് അനുസൃതമായി അഗ്രി ടൂറിസം നെറ്റ് വർക്ക് ശക്തിപ്പെടുത്താൻ ഉത്തരവാദിത്ത ടൂറിസത്തെ ഉപയോഗിക്കും. സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതിയിലൂടെ ചെറുകിട സംരംഭങ്ങളെ ചേർത്തു നിർത്തുകയും, ഇത്തരം പ്രവർത്തനങ്ങളിലൂടെ കേരളത്തിന്റെ സുസ്ഥിര വികസനത്തിൽ നിർണ്ണായകമായ സാന്നിധ്യമായി ടൂറിസം മാറുകയും ചെയ്യും.<br><br>ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ, 2023 ഫെബ്രുവരി 25 മുതൽ 28 വരെ ഉത്തരവാദിത്ത ടൂറിസം ആഗോള ഉച്ചകോടി സംഘടിപ്പിച്ചു. ഈ ഉച്ചകോടിയിൽ വച്ച് ആഗോള |

| | | | |
|---|---|---|---|
| | | | ടൂറിസം കാഴ്ചപ്പാടിന് അനുസൃതമായി നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് രണ്ടാംകേരള ഉത്തരവാദിത്ത ടൂറിസം ഡിക്ലറേഷൻ പ്രഖ്യാപിച്ചു. ആയതിന്റെ പ്രധാന ആശയങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ് .<br><br>• ഉത്തരവാദിത്ത ടൂറിസം കാലാനുസൃതമാക്കുന്നതിന്റെ ഭാഗമായി പ്രാദേശികമായ പ്രതികൂല ഘടകങ്ങൾ ലഘൂകരിച്ച് പ്രാദേശിക ജന വിഭാഗത്തിന് പരമാവധി പ്രയോജനം വരത്തക്ക രീതിയിലുള്ള വികസന പ്രവർത്തനങ്ങൾക്ക് രൂപം നൽകും . ദാരിദ്ര ലഘൂകരണം, പ്രാദേശിക സാമ്പത്തിക വികസനം എന്നിവയിൽ ഊന്നിയുള്ള പ്രവർത്തനങ്ങൾ ഉണ്ടാകും. ടൂറിസവുമായി ബന്ധപ്പെട്ട സുസ്ഥിര ചെറുകിട സൂക്ഷ്മ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ട സഹായങ്ങൾ നൽകും.<br>• പഞ്ചായത്തുകളുമായി സഹകരിച്ച് ലിംഗ സമത്വത്തിൽ ഊന്നി വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തും. എല്ലാ ടൂറിസം പ്രവർത്തനങ്ങളും അനുഭവങ്ങളും ഭിന്നശേഷിക്കാർ ഉൾപ്പെടെ എല്ലാ വിഭാഗം ജനങ്ങൾക്കും ഒരുപോലെ ആസ്വദിക്കത്തക്ക വിധത്തിലുള്ള സൗകര്യങ്ങൾ ഉണ്ടാകും. സാമൂഹിക-സാംസ്കാരിക വൈവിധ്യങ്ങൾ ഉൾക്കൊള്ളാനും അതിഥികളെ സ്വീകരിക്കാനും ഉതകുന്ന തരത്തിൽ പ്രാദേശിക ജനതയെ സജ്ജമാക്കും. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലും ടൂറിസം സംഭാവനകൾ ഉറപ്പുവരുത്തും.<br>• കാലാവസ്ഥാ വ്യതിയാനത്തെ നേരിടാനും ഹരിതഗൃഹ പ്രഭാവം ചെറുക്കുന്നതിനും ഉത്തരവാദിത്ത ടൂറിസം മുഖ്യപരിഗണന നൽകുന്നു. വിഭവങ്ങളുടെ സുസ്ഥിര ഉപഭോഗം, മാലിന്യ ലഘൂകരണം, ജൈവവൈവിധ്യ സംരക്ഷണം എന്നിവയ്ക്കും പരിഗണന നൽകുന്നതാണ് . പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും അതിനുവേണ്ട ബോധവൽക്കരണം നടത്തുന്നതിനും ലക്ഷ്യമിടുന്നു. |
| (ബി) | ഉത്തരവാദിത്ത ടൂറിസം പദ്ധതി മുഖേന പുതിയ | (ബി) | ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി പുതിയ |

| | | | |
|---|---|---|---|
| | ടൂറിസം ഡെസ്റ്റിനേഷനുകൾ രൂപീകരിക്കാൻ സാധിക്കുംവിധം കർമ്മപദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | | ഡെസ്റ്റിനേഷനുകൾ വളർത്തിയെടുക്കാൻ കർമ്മ പദ്ധതി ആവിഷ്കരിക്കുന്നുണ്ട് . ' സ്ട്രീറ്റ് ' പദ്ധതി വ്യാപകമാക്കുന്നതോടെ പ്രാദേശികമായി സ്ട്രീറ്റുകൾ സജ്ജമാകുകയും അവ വിനോദ സഞ്ചാര കേന്ദ്രങ്ങളാക്കി മാറ്റുകയും ചെയ്യും .<br><br>പെപ്പർ, മോഡൽ ആർ.ടി വില്ലേജ് തുടങ്ങിയ പദ്ധതികളിലൂടെയും പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങളെ വികസിപ്പിക്കുകയാണ് ഇതു വഴി ലക്ഷ്യമിടുന്നത് . |

സെക്ഷൻ ഓഫീസർ